# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 105** — **11.07.2016 ൽ മറുപടിയ്ക്ക്**

### അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.ഡി.സതീശൻ<br>,, അനിൽ അക്കര<br>,, ഐ.സി.ബാലകൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ഉണ്ട്. കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന പദവിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ആവിഷ്കരിച്ച് അതുല്യം പദ്ധതി നടപ്പാക്കിയത്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നേടി കൊടുക്കാനാണ് ഈ പദ്ധതി ലക്ഷ്യം വെച്ചത്. സമ്പൂർണ്ണ നാലാംതരം തുല്യത, പരിപൂർണ്ണ സാക്ഷരത, പരിപൂർണ്ണ നാലാംതരം തുല്യത, ഇ-സാക്ഷരത, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക തുല്യതാ പരിപാടി എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് 'അതുല്യം.' |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന നമ്മുടെ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ |

പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കും സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർക്കും അടിസ്ഥാന സാക്ഷരത നേടിയ നവസാക്ഷരർക്കും നാലാംതരത്തിന് തുല്യമായ പ്രാഥമിക വിദ്യാഭ്യാസം നല്കുക, തുല്യതാ വിദ്യാഭ്യാസത്തിലൂടെ സമഗ്രവികസനം സാധ്യമാക്കുക. ജനങ്ങളുടെ തൊഴിലും ജീവിത ഗുണനിലവാരവും മെച്ച പ്പെടുത്തുക. സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ പുത്തൻ ഉണർവുണ്ടാക്കുക, തുടർ പഠനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിന് ആക്കം കൂട്ടുക, ജീവിതത്തിന്റെ വിവിധ മേഖലകളിൽ പുത്തൻ അവബോധം സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) പ്രസ്തുത പരിപാടിയുടെ നടത്തിപ്പിന് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വിവിധ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളുടെ സഹകരണ ത്തോടെയും ജനകീയ കൂട്ടായ്മ രൂപീകരിച്ച് പഠിതാക്കളെ കണ്ടെത്തി പാഠപുസ്തക വിതരണം, പരിശീലന ത്തിനുള്ള ഇൻസ്ട്രക്ടർമാരെ കണ്ടെത്തി അവർക്ക് റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെയുള്ള പരിശീലനം, പഠിതാക്കൾക്ക് വേണ്ട കണ്ണട, മറ്റ് പഠനോപകരണ വിതരണം, ലഘു ഭക്ഷണവിതരണം എന്നിവ ആറ് മാസം നീണ്ട നിന്ന പഠന കാലയള വിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രവർ ത്തനങ്ങൾക്ക് ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.പി മാർ, എം.എൽ.എ. മാർ, മറ്റ് ജന പ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക സന്നദ്ധ പ്രവർത്തകർ തുടങ്ങി സ്കൂൾ വിദ്യാർത്ഥികൾ വരെ യുള്ളവരുടെ സഹകരണവും സാന്നി ദ്ധ്യവും ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പ്രശസ്ത

ചലച്ചിത്ര താരം ശ്രീ. ദിലീപിന്റെ സഹകരണവും ലഭിക്കുകയുണ്ടായി. 2015 ജൂൺ 7-)ം തീയതി കേരളത്തിലെ 2,05,913 പേർ അതുല്യം അക്ഷരോത്സവം എന്ന പേരിൽ നടത്തിയ പൊതുപരീക്ഷ എഴുതുകയും അതിൽ 2,02,862 പേർ വിജയിക്കുകയും ചെയ്തു (98.52%). 2015 ജൂൺ 19 ന് മുഴുവൻ പഞ്ചായത്തുകളിലും അതുല്യം പ്രഖ്യാപനം നടക്കുകയുണ്ടായി. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്ന ചടങ്ങ് ബഹു. ഇന്ത്യൻ ഉപരാഷ്ട്രപതി ശ്രീ. ഹമീദ് അൻസാരി 2016 ജനുവരി മാസം 13-)ം തീയതി തിരുവനന്തപുരത്തെ കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ വെച്ച് നിർവഹിക്കുകയും ചെയ്തു.